# കല, സാഹിത്യം, സംസ്കാരം




ISBN 978-81-933197-1-0

9 788193 319710

00130

**NSS HC Press Changanacherry**

March 2017

# ഉള്ളടക്കം

| | പേജ് |
|---|---|
| അഗ്നിപുരാണവും കാവ്യമീമാംസയും<br>*ഡോ. ഭുവനേശ്വരിക്കുഞ്ഞമ്മ* | 1 |
| പുതുകാലത്തിന്റെ ഹരിതഗാഥ<br>*അപർണ. എ* | 7 |
| ഹൃദയത്തിൽ ഒരു വാൾ- മാതൃത്വത്തിന്റെ ആവിഷ്കാരം<br>*ഡോ. റാണി. വി.എൽ* | 16 |
| കുണ്ടൂർ നാരായണമേനോന്റെ സ്വാമിയാരും പറച്ചിയും<br>*ഡോ. എസ്. രാജലക്ഷ്മി* | 10 |
| കഥയുടെ കാല്പനിക സത്യം<br>*ഡോ. ജയശ്രീ. കെ* | 21 |
| തിരുവാതിരപ്പാട്ടുകളിലെ വൃത്തങ്ങളും മട്ടുകളും<br>ഒരു വിശകലനം<br>*ഡോ. മഞ്ജു. വി* | 28 |
| ജനകീയ സംസ്കാരം (Mass Culture)<br>ഒരു സാമാന്യ അവലോകനം<br>*ശാന്തിനി തോമസ്* | 35 |
| മിത്ത് ഇടശ്ശേരി കവിതയിൽ<br>*അപർണ. എസ്* | 46 |
| ബാല്യവും മനശാസ്ത്രപരിസരവും മുകുന്ദൻ കഥകളിൽ<br>*മഞ്ജു.വി. മധു* | 55 |
| രാഷ്ട്രസങ്കൽപ്പം ഊരുകാവലിൽ<br>*രാജശ്രീ. ആർ* | 66 |
| തകഴി ശിവശങ്കരപ്പിള്ള ഒരു സാമൂഹിക ശാസ്ത്രജ്ഞൻ<br>(തെണ്ടിവർഗ്ഗം എന്ന നോവലിനെ ആസ്പദമാക്കിയുള്ള പഠനം)<br>*ഡോ.ജോമോൾ തോമസ്* | 74 |
| സ്വാതന്ത്ര്യപടർപ്പിന്റെ സാച്ഛന്ദ്യവിരിപ്പുകൾ<br>*ഡോ.അർച്ചന ഹരികുമാർ* | 88 |
| യക്ഷിയും ജാതിവ്യവസ്ഥയും എം.ടിയുടെ ചെറുകഥയിൽ<br>*ലക്ഷ്മി. പി* | 102 |
| പരിസ്ഥിതി ദർശനം ടി.പി.രാജീവിന്റെ കവിതകളിൽ<br>*രമ്യ. ജി* | 107 |
| പ്രകൃതിയുടെ സാന്നിധ്യം - നീലംപേരൂർ പൂരംപടയണിയിൽ<br>*സുപ്രിയ.എസ്. നായർ* | 122 |

# തകഴി ശിവശങ്കരപ്പിള്ള
# ഒരു സാമൂഹിക ശാസ്ത്രജ്ഞൻ

(തെണ്ടിവർഗം എന്ന നോവലിനെ ആസ്പദമാക്കിയുള്ള പഠനം)

**ഡോ. ജോമോൾ ജോസ്**
അസി. പ്രഫസർ, മലയാളവിഭാഗം
സെന്റ് അലോഷ്യസ് കോളേജ്, എടത്വാ–689 573
j7m4purackal@gmail.com. Ph: 9447519458

**ആമുഖം**

സമൂഹത്തിന്റെ ബാഹ്യതലങ്ങൾ ചിത്രീകരിക്കുന്ന നോവലുകൾ മലയാളഭാഷയിൽ ഏറെയുണ്ട്. അതിനുള്ളിൽ നിറഞ്ഞിരിക്കുന്ന സങ്കീർണയാഥാർഥ്യങ്ങളിലേയ്ക്ക് ശ്രദ്ധതിരിച്ച തലമുറയിൽ പ്രധാനിയാണ് തകഴി ശിവശങ്കരപ്പിള്ള. ബാഹ്യയാഥാർഥ്യങ്ങൾക്കപ്പുറം മനസിന്റെ സങ്കീർണതകളും അത് ഇഴപിരിച്ചെടുക്കുമ്പോൾ പ്രത്യക്ഷമാകുന്ന സംസ്കാരചൈതന്യവും വെളിപ്പെടുത്താൻ തകഴി ശ്രദ്ധിക്കുന്നു. അധികാരഘടനയുടെ നേർക്കുള്ള കലാപത്തിന്റെ സ്വരം ഈ നോവലിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു.

അധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കിടയിൽ വർഗബോധം വളർത്തി സാമൂഹ്യപരിവർത്തനത്തിന്റെ മുന്നണിപ്പടയാളികളായി അവരെ മാറ്റിയെടുക്കണമെന്ന് തകഴി ആഗ്രഹിച്ചു. പുരോഹിതന്മാരെയും പ്രഭുക്കന്മാരെയും രാജാക്കന്മാരെയും കീർത്തിച്ചുകൊണ്ടിരുന്ന സാഹിത്യം പ്രജായത്തസിദ്ധാന്തങ്ങളുടെയും സാമാന്യജനങ്ങളുടെ സ്വാതന്ത്ര്യവാദത്തിന്റെയും ഭാഗംചേരുന്നതാകണം എന്ന് അദ്ദേഹം വിശ്വസിച്ചു. ഒരു സാഹിത്യകാരനും ജീവിതത്തിൽനിന്ന് ഒഴിഞ്ഞുമാറുവാൻ സാധ്യമല്ല. തന്റെ ദൈനംദിനജീവിതത്തിന്റെയും ചുറ്റുമുള്ള ജീവിതത്തിന്റെയും സ്വാധീനശക്തിയിൽനിന്ന് ഒഴിഞ്ഞു നിൽക്കുവാൻ സാഹിത്യകാരന് സാധ്യമല്ല. ഒരാൾ നിർമ്മിക്കുന്ന സാഹിത്യം അയാളുടെ സാമൂഹ്യപരിസരങ്ങളുടെ നേരിട്ടുള്ളതോ

പ്രകാരാന്തപ്രേരണയുള്ളതോ ആയ പ്രതിഫലനമായേ പറ്റൂ. അവ ഗണിക്കപ്പെട്ടുകിടക്കുന്ന സാധാരണ ജനസമൂഹത്തിന്റെ ദുഃഖങ്ങളും വിപരീതസന്ധികളോട് പൊരുതി അവർ കൈവരിക്കുന്ന ഉയർച്ച കളും മനുഷ്യസ്നേഹികളായ എഴുത്തുകാർക്ക് കണ്ടില്ലെന്ന് നടി ക്കാനാവില്ല. സാമൂഹ്യവിപ്ലവത്തിന്റെ തത്ത്വശാസ്ത്രം അപഗ്രഥിക്കാ നുള്ള യത്നം തെണ്ടിവർഗത്തിൽ ദർശിക്കാം. "അദ്ദേഹത്തിന്റെ ഏറ്റംവലിയ കഥാപാത്രം നാടാണ്. ആ നാട്ടിലെ ഞെരുക്കങ്ങളു ടെയും നൊമ്പരങ്ങളുടെയും ജീവിതമാണ്"1

ഒരു നല്ല നോവലിസ് സംഭവങ്ങളുടെയോ സന്ദർഭങ്ങളുടെയോ സത്യസന്ധത മാത്രംപോരാ. ലാവണ്യപരമായ പര്യാപ്തത, യുക്തി ഭദ്രത, സ്വയംവികാസം എന്നീ ആന്തരികമാനദണ്ഡങ്ങൾക്കൂടി പാലി ക്കപ്പെടണം. സർഗസ്വാതന്ത്ര്യം പാത്രചിത്രീകരണത്തിൽ മാത്രമല്ല; സംഭവങ്ങളെയും കാലക്രമത്തെയും ചിത്രീകരിക്കുന്നതിലും പ്രസ ക്തമാണ്. അഹങ്കാരം, പ്രതികാരം, അസൂയ, വിദ്വേഷം, കളവ്, ദുർവി ചാരം, ചതി എന്നീ മനുഷ്യപ്രവണതകൾക്കെതിരെ സ്നേഹം, സൗഹൃദം, ത്യാഗം, ആത്മാർത്ഥത, ധീരത, ദയവ് എന്നിവയെ നിര ത്തിക്കാട്ടുകയാണ് തകഴിയിലെ മനുഷ്യസ്നേഹി. സ്വന്തം നാട്ടു കാരുടെ കഥ ലോകത്തിലെ മറുഭാഗങ്ങളിലുള്ളവരോടു പറയാനുള്ള തകഴി ശിവശങ്കരപ്പിള്ളയുടെ അരനൂറ്റാണ്ടിലധികം നീണ്ട സമർപ്പി തയജ്ഞത്തിന്റെ നേർരേഖകളാണ് അദ്ദേഹത്തിന്റെ രചനകൾ. ആ സാഹിത്യസപര്യയുടെ ഏടുകളിൽ പ്രധാനമായ ഒന്നുതന്നെയാണ് 'തെണ്ടിവർഗം' എന്ന കൃതി. തകഴി സാഹിത്യത്തിന്റെ പൊതുപ്ര വണതകൾ ഇഴചേരുന്ന ഒരു നോവലെന്നനിലയിൽ 'തെണ്ടി വർഗ'ത്തെ ഈ പഠനത്തിൽ വിലയിരുത്തുന്നു.

### 1. വീരകഥാപാത്രസൃഷ്ടി

തകഴിയുടെ കഥാപാത്രങ്ങൾ നമ്മുടെ ശ്രദ്ധയെ ആകർഷിക്കു ന്നത് സമൂഹത്തിലെ ഉന്നതസ്ഥാനംകൊണ്ടോ ആഭിജാത്യം കൊണ്ടോ അതിമാനുഷനേട്ടങ്ങൾകൊണ്ടോ അല്ല; അവരെല്ലാം സാധാരണജനങ്ങളുടെ അതേ ഘടനയുള്ളവരാണ്. പക്ഷെ അവ രുടെ ഇച്ഛാശക്തി, നിശ്ചയദാർഢ്യം, ത്യാഗസന്നദ്ധത, യാതന എന്നി വയാണ് അവരിൽ താൽപര്യം സൃഷ്ടിക്കുന്നത്. ഒരുപക്ഷെ അവർ മറ്റുള്ളവർക്ക് ആദർശമാതൃകകൾ അല്ലെന്ന്വരാം എങ്കിലും അവ

രിൽനിന്ന് അൽപമൊക്കെ പഠിക്കാനുണ്ട്. നമ്മുടെ വിനോദോപാധികളോ സമയംകൊല്ലികളോ അല്ല അവർ. സോഷ്യലിസ്റ്റ് റിയലിസത്തിന്റെ പാരമ്പര്യത്തിൽ നിഷേധാത്മകമല്ലാത്ത നായകകഥാപാത്രങ്ങളെ തകഴി സൃഷ്ടിച്ചില്ല എന്ന് വാദിക്കാം. അത് ചെയ്യാതിരിക്കാൻ മാത്രമുള്ള സത്യസന്ധത അദ്ദേഹത്തിനുണ്ടായിരുന്നു. സാധാരണമനുഷ്യൻ, കഷ്ടപ്പെടുന്ന മനുഷ്യൻ ആണ് അദ്ദേഹത്തിന്റെ എല്ലാ കൃതികളിലെയും ശ്രദ്ധാകേന്ദ്രം. വീരകഥാപാത്രങ്ങൾ അസാധ്യമെന്ന് കരുതാവുന്നിടങ്ങളിൽനിന്ന് അദ്ദേഹം അവരെ സൃഷ്ടിച്ചു. തെണ്ടിവർഗത്തിലെ നായകൻ 'കേശു'വിന്റെ വ്യക്തിത്വം നോക്കുക.

"കൂട്ടു തെണ്ടികളോട് അവൻ പറഞ്ഞു. ഈ സ്വത്തുകാർ അവർക്കവകാശപ്പെട്ടത് അപഹരിച്ചിരിക്കുകയാണെന്ന്. അവർ പൊട്ടിച്ചിരിച്ചു. തെണ്ടികൾക്കെന്തിരിക്കുന്നു പിടിച്ചുപറിക്കാൻ? ഏതു തെണ്ടിയുടെ പക്കൽനിന്ന് ഏതു സ്വത്തുകാരനാണ് പിടിച്ചുപറിച്ചത്? ഫാക്ടറിയിൽ കൂട്ടുജോലിക്കാരോട് അവൻ പറഞ്ഞു. ഇതിൽ കൂടുതൽ കൂലിക്ക് അവർക്കവകാശമുണ്ടെന്ന്. അത് ആർക്കും ബോധ്യമായില്ല. 'തെണ്ടിനടന്നവർക്ക് വിളിച്ചു ജോലിതന്നത് ഒരനുഗ്രഹമല്ലേ? ഇത്രയും എങ്കിലും കിട്ടുന്നല്ലോ മുതലാളിക്ക് കൂടുതൽ ലാഭം കിട്ടുന്നുണ്ടെങ്കിൽ അത് അവർ പണം മുടക്കിയിട്ടാണ്.'

അപ്പോൾ അവൻ തന്നത്താൻ ചോദിച്ചു; 'മുതലാളിക്ക് പണം എവിടെ നിന്നുണ്ടായി?'2

ഒന്നുമില്ലാത്തവനായ തെണ്ടിയെ ഒന്നുമില്ലാത്തവനാക്കിത്തീർത്തത് ആരാണ് എന്ന് കേശുവിനെക്കൊണ്ട് നോവലിസ്റ്റ് ചിന്തിപ്പിക്കുമ്പോൾ നിലവിലുള്ള സാമൂഹികവ്യവസ്ഥിതിയോടുതന്നെയാണ് ആ ചോദ്യശരങ്ങളുതിർക്കുന്നത്. ജീവിതത്തെ ഒരു പുതിയ വീക്ഷണകോണിലൂടെ നോക്കിക്കാണാൻ സമൂഹത്തിന്റെ അടിത്തട്ടിലുള്ളവരെ അദ്ദേഹം പഠിപ്പിക്കുകയാണ്. സമ്പന്നന്റെ വീർത്ത മടിശീല കാണുമ്പോൾ അവൻ അതിൽ എത്രമാത്രം തുകയുണ്ടെന്ന് അത്ഭുതപ്പെടുക മാത്രമല്ല; അതെങ്ങനെ ഉണ്ടായി എന്ന് ചിന്തിക്കുകകൂടി ചെയ്യുന്നു എന്നസത്യം തന്റെ രചനയിൽക്കൂടി മേൽത്തട്ടുകാരനെ തകഴി ഓർമിപ്പിക്കുകയാണ്. നീളെ നടന്നു തെണ്ടിയിട്ടും ഒരുപിടി വറ്റുകിട്ടാത്ത പരാജയപ്പെട്ട തെണ്ടിയെ കാണുമ്പോൾ അവന്റെ പങ്ക് ആഹാരം എവിടെയാണ്? ആരാണ് അപഹരിച്ചിരി

ക്കുന്നത്? എന്നോർത്തു തലപുകയ്ക്കുകയാണ്. തകഴിയുടെ നായക കഥാപാത്രമായ തെണ്ടി. നഗരത്തിൽ ഒഴിഞ്ഞുകിടക്കുന്ന വീടുകൾ വളരെയധികമുള്ളപ്പോൾ വഴിവക്കിലും പുളിമൂട്ടിലുമായി കഴിഞ്ഞു കൂടുന്നവർക്ക് അങ്ങനെതന്നെ കഴിയണമെന്നുവന്നതെന്തു കൊണ്ടാണ് എന്നും അവൻ സംശയിക്കുകയാണ്. അനുഭവങ്ങളിൽ നിന്നുയരുന്ന അർത്ഥമുള്ള ചോദ്യങ്ങളാണവന്റേത്. പക്ഷെ ഉത്തര ങ്ങൾ കിട്ടുന്നില്ല. നാലുപാടും നിൽക്കുന്ന വൻ മാളികകളെ അവൻ സൂക്ഷിച്ചുനോക്കി. അവ അങ്ങനെ നിൽക്കുന്നതിന് ഒരു പുതിയ അർത്ഥവും വ്യാഖ്യാനവുമുണ്ട്. അതെല്ലാം ഇല്ലാത്തവരുടെ പ്രയ ത്നഫലങ്ങളാണ് എന്നവൻ തീർച്ചപ്പെടുത്തുന്നു. അപ്പോൾ മറ്റുള്ള വർക്ക് ലാഭമുണ്ടാക്കാൻ ജോലിചെയ്യണമോ എന്ന് ആ കുഞ്ഞു മനസ് 'അമ്മ'യായി സ്വീകരിച്ച ആ സ്ത്രീയോടു ചോദിക്കുകയാണ്. അവരുടെ ഉത്തരം 'ലാഭമൊണ്ടാക്കുന്നതല്ല ഓർക്കണ്ടതു കുഞ്ഞേ? വേല എടുക്കണം. ആവതൊണ്ടേങ്കി വേല എടുക്കണം" എന്നതാ യിരുന്നു.

അടിമത്തത്തിന്റെ ദുഃഖാനുഭവങ്ങളിൽ നിന്നുണർന്ന് സ്വന്തം വിധി തിരിച്ചറിയാനുള്ള കരുത്താർജിച്ച കഥാപാത്രമാണ് തകഴി യുടെ രണ്ടിടങ്ങഴിയിലെ കോരൻ. അവന് അധ്വാനത്തിന്റെ മഹിമ അറിയാം. ആ അധ്വാനം ജീവിതത്തിന്റെ രക്ഷയും അന്തസും ഉറപ്പു നൽകുന്നില്ലെന്നറിയുമ്പോൾ ക്രൂരമായ ഒരു സത്യം അവന് ബോധ്യ പ്പെടുന്നു.

'നമ്മ ജീവം കളഞ്ഞു മേല ചെയ്താലും ഒരു ഭലോമില്ല. നമ്മളു മണ്ടൻമാരാ. ഏൻ അറയ്ക്കലെടിയാനാ, ഏന് പുഷ്പവേലി ഓണപ്പ ണിക്കാരനാ, എൻ തമ്രാ സൊത്തുകാരനാ, ഞങ്ങക്ക് എല്ലാവരെക്കാളും കൂടുതൽ വെളവു കിട്ടി എന്നൊക്കെ പാവിച്ചും പറഞ്ഞും നടക്കാം. പലമെന്നാ, ഒന്നുമില്ല.'3

നാലുപാടും നിൽക്കുന്ന വൻ മാളികകളെ സൂക്ഷിച്ചുനോക്കി. അതെല്ലാം ഇല്ലാത്തവരുടെ പ്രയത്നഫലങ്ങളാണ് എന്ന് കഥാനാ യകൻ തീർച്ചപ്പെടുത്തുന്നു. നഗരത്തിലെ മുതലാളിയുടെ വീട്ടിൽനിന്നും ഒരു വമ്പിച്ച മുതൽ മോഷ്ടിക്കുന്നു. ആ വമ്പിച്ച മുതൽ തെണ്ടികൾക്കാകെ വീതിച്ചുകൊടുത്താൽ എന്തൊരാശ്വാസമായി രുന്നു എന്നാണവന്റെ വിചാരം. എങ്കിലും അമ്മയെപ്പോലെ സ്നേഹി ക്കുന്ന സ്ത്രീ അവനോട് അത് പോലീസിനെ ഏൽപിക്കാൻ ആവശ്യ

പ്പെടുന്നു. നിരപരാധികൾ പോലീസിന്റെ അടിയും ഇടിയും കൊള്ളുന്നതു തടയാൻ അവൻ കുറ്റം സമ്മതിച്ച് ശിക്ഷ ഏൽക്കുന്നു.

തൊഴിലാളിക്ക് പ്രകൃതിയുടെതന്നെ നിലനിൽപിലുള്ള അനിഷേധ്യമായ സ്ഥാനത്തെപ്പറ്റി, ധർമ്മത്തെപ്പറ്റി ഒരു സാമൂഹികശാസ്ത്രജ്ഞനും മാർക്സിസ്റ്റ് സിദ്ധാന്തവാദിക്കും വിശദീകരിക്കാനാവാത്ത തരത്തിൽ തകഴി തന്റെ നോവലുകളിൽ വിശദീകരിക്കുന്നുണ്ട്. ഈ സ്വയംബോധമാണ്, തങ്ങളുടെ ശക്തിയെ നാടകീയമായി സ്വയം കണ്ടെത്തുന്നതാണ് തൊഴിലാളിയുടെ ഐക്യത്തിന് സഹായിക്കുന്നത്. തൊഴിലാളികളെ ചൂഷണംചെയ്യുന്നത് രാഷ്ട്രീയ-സാമ്പത്തിക തലങ്ങളിൽ മാത്രമല്ലെന്ന് വ്യക്തമാക്കാൻ തകഴി തന്റെ നോവലുകളിൽ ഭൂവുടമകളുടെ ലൈംഗിക വീരസാഹസികതകളെ പരാമർശിക്കുന്നു. തൊഴിലാളി സ്ത്രീകളെയും അവരുടെ പുരുഷന്മാരോടൊപ്പം വർഗസമരത്തിൽ പങ്കാളികളാക്കുന്നു.

## 2. സദാചാരതത്ത്വങ്ങളുടെ പാലനം

പരമ്പരാഗത സദാചാര തത്വങ്ങൾ അതനുസരിച്ച് ജീവിക്കുവാൻ വകയില്ലാത്തവർക്ക് ഭാരമാണ്. പാവപ്പെട്ടവർക്ക് പട്ടിണി മാത്രം സഹിച്ചാൽ പോര. പലപ്പോഴും സ്നേഹത്യാഗവും അപമാനഭാരവും അനുഭവിക്കേണ്ടിവരും. ദാരിദ്ര്യാവസ്ഥയിൽ മാതൃവികാരങ്ങൾ ഒരു ബാധ്യതയോ കാത്തുസൂക്ഷിക്കാനാവാത്ത ആഡംബരമോ ആയിപ്പോകും. കേശുവിന്റെ അമ്മയും സഹോദരിയുംതമ്മിലുള്ള സംഭാഷണങ്ങൾ നോവലിസ്റ്റ് ആവിഷ്കരിക്കുന്നതു നോക്കുക.

'ആ കുഞ്ഞ് ജനിച്ച ദിവസം അവൾ ഓർത്തു. എവിടെയാണ് ആ മനുഷ്യൻ? ആ വലിയ കെട്ടിടത്തിനു മുൻപിൽ വീർത്ത വയറുമായി പലദിവസം അവൾ പോയിനിന്നിട്ടുണ്ട്. പക്ഷെ ആ പുരുഷനെമാത്രം കണ്ടിട്ടില്ല. അതുപോലെ മറ്റു പലരും അവിടെ വരികയും അവിടെനിന്നു പോവുകയും ചെയ്തിട്ടുണ്ട്. അത് ഒരു ഹോട്ടലാണ്. അയാളെ എവിടെചെന്നാൽ കണ്ടുപിടിക്കാം? നടന്ന നാട്ടിലെങ്ങും അയാളെ കണ്ടിട്ടില്ല. അയാൾ ഒരു വലിയവനാണ്. അയാൾ അവളെ ഉമ്മവച്ചു.... വെളുപ്പാൻകാലത്ത് അവിടെനിന്നും പോരാറായപ്പോൾ അവളെ അങ്ങോട്ട് കൂട്ടിക്കൊണ്ടുപോയവൻ. സാരിയും ജമ്പറുമെല്ലാം അഴിപ്പിച്ചുവച്ചു. അവൻ കീറത്തുണിയുമുടുത്ത് അവൻ കൊടുത്ത നാലണയും വാങ്ങിപോന്നു'?4

'രണ്ടിടങ്ങഴി'യിൽ തകഴി എഴുന്നു. "പാവപ്പെട്ട പറയനോടും പുലയനോടും ചെയ്യുന്ന അഴിമതികളെക്കുറിച്ച് അവൻ ആവേശത്തോടെ വിവരിക്കുമ്പോൾ അവളുടെ രക്തത്തിന് ചൂടുപിടിക്കാറുണ്ട്. ആ അഴിമതികൾ അവസാനിക്കണമെന്ന് അവൻ ആഗ്രഹിക്കുമ്പോൾ അവനറിയാത്ത നിരവധി അഴിമതികളെക്കുറിച്ച് അവനെ ധരിപ്പിക്കണമെന്നവൾക്ക് തോന്നിയിട്ടുണ്ട്. പറയനും പുലയനുമറിയാത്ത ഇരുളിൽ, കളങ്ങളിലെ കച്ചിക്കൂനകൾക്കിടയിലും കണ്ണെത്താത്ത ദൂരത്തോളം പരന്നുകിടക്കുന്ന പാടത്തിലെ വായ്ച്ച നെല്ലിന്റെ ഇടയിലുള്ള വരമ്പുകളിലും വച്ചുനടക്കുന്ന അഴിമതികൾ, അവയെക്കുറിച്ച് പറകിക്കും പുലകിക്കുമേ അറിയൂ. ആ അഴിമതികൾക്ക് അടിമപ്പെട്ട് ഞരങ്ങിഞരങ്ങി എത്ര സ്ത്രീകളുടെ ആത്മാക്കൾ നശിക്കുന്നുണ്ട്. അതാരും അറിയുന്നില്ല. ആ ഞരക്കം ലോകത്തിന്റെ മനസ്സാക്ഷിയുടെ ചെവിയിലോളം എത്തിച്ചെങ്കിൽ! പക്ഷേ, മറ്റേതൊരു പറകിയെയുംപോലെ ആ ദയനീയ കഥകൾ ഭർത്താവിനോടു പറയാൻ അവൾ ആശിച്ചു. എന്നാൽ അതിനവൾക്കു കരുത്തില്ല.5

ഒരു സുപ്രഭാതത്തിൽ അവൾ ആ വഴിമുക്കിൽ മരിച്ചുകിടക്കുന്നതു കാണായി. ആ ശരീരം ഒരു പുരുഷൻ ഒരിക്കൽ ഓമനിച്ചതാണ്. ആ താലി അതിന്റെ അടയാളമാണ്. സ്ത്രീക്കു പുരുഷന്റെ ഭാര്യ ആയിരിക്കുക എന്ന തൊഴിലേ ഉള്ളൂ എന്ന ചിഹ്നമാണത്.

കഥാകാരന്റെ സാമൂഹികവും മനഃശാസ്ത്രപരവുമായ ആശയങ്ങൾ സംയോജിക്കുന്ന ഇടങ്ങൾ ഈ കഥയിലുണ്ട്. ഉപരിവർഗത്തിന്റെ മാന്യമ്മന്യത നൈസർഗീകചോദനകളെ അടിച്ചമർത്താൻ വഴിയൊരുക്കുന്നു. ഇന്നത്തെ സമുദായത്തിൽ കൃത്രിമവും അസ്വീകാര്യവുമായ മാന്യതാസങ്കൽപം മനുഷ്യന്റെ സംവേദനക്ഷമതയ്ക്ക് വരുത്തിച്ചേർക്കുന്ന ദുർവ്യതിയാനങ്ങൾ 'തെണ്ടിവർഗ'ത്തിലും കാണാം.

### 3. ദുരന്താഭിമുഖ്യം

തകഴിയുടെ നോവലുകളിൽ സാമാന്യേന കണ്ടുവരുന്ന ദുരന്താഭിമുഖ്യം 'തെണ്ടിവർഗ'ത്തിലും കാണാം. നൈരാശ്യത്തിലോ വിഷാദത്തിലോ സമരം ഒരിക്കലുമുപേക്ഷിക്കപ്പെടുന്നില്ലെങ്കിലും തകഴി കൃതികൾ സാമാന്യേന വേദനയിലും തകർച്ചയിലുമാണ്

അവസാനിക്കുന്നത്. ഓരോ വ്യക്തിചരിത്രത്തിലും ഒരു ശൂന്യതയാണ് നമ്മുടെ മുൻപിൽ വാപൊളിക്കുന്നത്.

തെണ്ടി നടന്ന വകയിൽ സഹോദരിക്ക് കിട്ടിയ അവിഹിത ഗർഭം 9 മാസം ചുമന്നശേഷം ആ പെൺകുട്ടി പുളിമരച്ചുവട്ടിൽ പ്രസവിക്കുകയാണ്. അവളുടെ അമ്മയുടെ അച്ഛൻ അതേ മരത്തിന്റെ മറുവശത്ത് മരണവേദനയാൽ പിടയുന്നു. അവയ്ക്കു നടുവിൽ ജീവിതത്തിന്റെ തീവ്രവേദന ആകാരംപൂണ്ടപോലെ ആ സ്ത്രീ ഇരിക്കുന്നു. ഭാരമേറിയ ആ ചുമതലകൾ ഒരേസമയം നിർവഹിക്കേണ്ടതെങ്ങനെയെന്നറിയാതെ അവൾ വിഷമിക്കുകയാണ്. അവസാനം ശ്വാസം വലിക്കുന്നത് അവളുടെ അച്ഛനാണ്. ഇപ്പുറം അടുത്ത തലമുറ ആവിർഭവിക്കുന്നു.

"കല്യാണി എങ്ങോട്ടു പോകും? ആരെ ശുശ്രൂഷിക്കും? "എന്റെ അമ്മോ"

അപ്പോൾ അവൾ വൃദ്ധന്റെ അടുത്തായിരുന്നു. മകളുടെ വിളി കേട്ട് അവൾ ഇങ്ങോട്ടുവന്നു. അപ്പോൾ അവൾക്കു തോന്നി. കുറുകുറുപ്പിൽക്കൂടി വൃദ്ധൻ വിളിക്കുന്നെന്ന്.

എന്തിനായി ഈ ശിശു ജനിക്കുന്നു? അതിന് ജനിക്കാതിരിക്കരുതോ? മരിക്കാൻ പോകുന്ന വൃദ്ധന് മകൾ അടുത്തിരിക്കണമെന്ന് ആഗ്രഹിക്കുവാൻ അവകാശമുണ്ട്.

വീണ്ടും ഗർഭിണി അമ്മയെ വിളിച്ചു. "എന്റമ്മേ, ഞാൻ ചാകാൻ പോവുകയാണ്."

"ഞാൻ ഇതറിഞ്ഞില്ലമ്മേ" ദയനീയമായി ഗർഭിണി പറഞ്ഞു. അവൾ വീണ്ടും ആവർത്തിച്ചു. "ഞാൻ ഇതറിഞ്ഞില്ല."

മേൽത്തട്ടുകാരന്റെ ലൈംഗിക ചൂഷണത്തിന്റെ അവശിഷ്ടമെന്ന നിലയിൽ 'പുതിയ തെണ്ടി'യുടെ ജനനവും സാമ്പത്തികചൂഷണത്തിന്റെ നിദർശനമെന്നോണം പുളിമരച്ചുവട്ടിൽ 'തെണ്ടി' വൃദ്ധന്റെ മരണവും അവതരിപ്പിക്കുന്നതിലൂടെ തെണ്ടി കുടുംബങ്ങളുടെ ആരും പറയാത്ത ജീവിതനിസ്സഹായതകൾ തകഴി വരച്ചുകാട്ടുകയാണ്.

പിറ്റേന്നു രാവിലെ പകുതി തുറന്ന വായോടെ ആ പുളിമരച്ചുവട്ടിൽ ആ വൃദ്ധന്റെ ശവശരീരം കിടക്കുന്നതു കാണായി. മറു

വശത്തു പശിമയുള്ള വെള്ളവും രക്തവും ഒക്കെ കൂടിക്കുഴഞ്ഞു കിടക്കുന്നു. വൈകുന്നേരമായപ്പോൾ മുൻസിപ്പൽ വകുപ്പുവണ്ടി അവിടെ വന്നു. നാലുപേർ ആ ശവശരീരം കോരിയെടുത്തു വണ്ടിക്കുള്ളിലേക്കെറിഞ്ഞു.

അങ്ങനെ ആ ജീവിതം അവസാനിച്ചു.[6]

### 4. കുടുംബഘടന

ഒരു സമൂഹമെന്നനിലയിൽ കെട്ടുറപ്പോടെ വളർന്നുവരുവാൻ 'കുടുംബ'മെന്ന അടിസ്ഥാനഘടകത്തിന്റെ രൂപീകരണം സംഭവിക്കണം. ആ അടിസ്ഥാനഘടകത്തിന്റെ രൂപീകരണം തെണ്ടികൾക്ക് അസാധ്യമാകുന്ന സാഹചര്യങ്ങൾ തന്റെ കഥാപാത്രങ്ങളിലൂടെയും കഥാസാഹചര്യങ്ങളിലൂടെയും നോവലിസ്റ്റ് വ്യക്തമാക്കുന്നു. തെണ്ടികളാരും സ്നേഹമില്ലാത്തവരായിട്ടല്ല. അവർ സ്നേഹമുള്ളവർ തന്നെയാണ്. ഒരുപക്ഷെ പരിഷ്കൃതരെന്നഭിമാനിക്കുന്ന മേൽത്തട്ട് സമൂഹത്തെക്കാളേറെ- ആണിന് പെണ്ണിനോടും പെണ്ണിന് ആണിനോടുമൊക്കെ. പെറ്റ തള്ളയ്ക്ക് കൊച്ചിനോടും ഒരുത്തിയുടെ മൊലകുടിച്ച കൊച്ചിന് അവളോടും പെരുത്ത ഇഷ്ടംതന്നെ. പക്ഷെ അവൾക്ക് സ്നേഹിക്കാൻ ഒക്കത്തില്ല. കുറെയൊക്കെ അനുഭവിച്ചു കഴിയുമ്പം പിന്നെ എല്ലാം സഹിക്കുന്ന ഒരു മാനസാകും ചാകും വരെ ജീവിക്കണമെല്ലോ എന്നുവയ്ക്കും.

ഒരു യഥാർഥ തെണ്ടികുടുംബത്തിന്റെ ഘടന നോവലിസ്റ്റ് ചൂണ്ടിക്കാട്ടുന്നുണ്ട്. നഗരത്തിൽ അവിടെയുമിവിടെയുമായി സന്ധ്യയ്ക്ക് കൂടി കഞ്ഞിവെച്ചു കഴിഞ്ഞുകാണുന്ന ഒരു കുടുംബവും പൂർണമല്ല. അച്ഛൻ ഉണ്ടായിരിക്കുക അപൂർവമാണ്. പ്രസവിച്ച മക്കളെയെല്ലാം അമ്മയ്ക്ക് കിട്ടുകയില്ല. പ്രസവിച്ചപ്പോൾ അവൾ ഉപേക്ഷിച്ചെന്നുവരാം. വളർത്തിയാൽതന്നെയും അവൻ പോയെന്നുവരാം. ആങ്ങള പെങ്ങളേയും പെങ്ങൾ ആങ്ങളയേയും തിരിച്ചറിഞ്ഞെന്നുവരുന്നതല്ല. അങ്ങനെ ദയനീയമായ ആ കഥ പോകുന്നു. എന്നാലോ ഈ വർഗത്തിൽ ജനിക്കുന്ന കുട്ടികൾക്ക് കണക്കുമില്ല.

തെണ്ടിവർഗത്തിലെ നായകകഥാപാത്രമായ 'കേശു' മാസങ്ങൾ നീണ്ട തെണ്ടലിനുശേഷം 'വിജയിച്ച തെണ്ടി'യെപ്പോലെ '3 രൂപ'യുമായി അമ്മയെത്തേടി അവന്റെ വീടായ പുളിമരച്ചുവട്ടിൽ വന്നിരിക്കുകയാണ്. അമ്മയോടു വളരെയധികം വിശേഷങ്ങൾ അവനു

പറയുവാനുണ്ട്. പക്ഷെ ആ പുളിമരച്ചുവട്ടിൽ അവരില്ലായിരുന്നു. കുറെ ദിവസങ്ങൾക്കുശേഷം അവിടെ പാർപ്പുറപ്പിച്ച മറ്റൊരു തെണ്ടിക്കുടുംബം അവന്റെ 'കുടുംബമായി' പരിണമിക്കുകയാണ്. ആ കുടുംബത്തിലെ 'അമ്മ' ആയ സ്ത്രീയോട് അവൻ തന്റെ കഥ പറയുന്നു.7

നാമാരും ഇതുവരെ ചിന്തിച്ചിട്ടില്ലാത്ത, അധികം ആലോചനയ്ക്കൊന്നും മുതിർന്നിട്ടില്ലാത്ത ഒരു ജീവിതമാണ് തകഴി തെണ്ടിവർഗത്തിൽ അവതരിപ്പിക്കുന്നത്. തെണ്ടികൾ "നഗരത്തിന്റെ പല ഭാഗങ്ങളിലും ചത്തുമലർന്നുകിടക്കുന്നത്, വണ്ടിയിൽ എടുത്തിട്ട് എവിടേയ്ക്കോ കൊണ്ടുപോകുന്നത്- എന്തെന്തു തെണ്ടികൾ ചത്തൊടുങ്ങിയിരിക്കുന്നു! ഈ തെണ്ടികളെല്ലാം ഇങ്ങനെ സ്വന്തപ്പെട്ടവരെ അന്വേഷിച്ചു നടന്നിരിക്കാം. അവരുടെ അമ്മയും മക്കളും സഹോദരനും സഹോദരിയും തമ്മിൽ ഒരിക്കൽ പിരിഞ്ഞാൽപിന്നെ ഒരുമിച്ചുകൂടാൻ പൊതുവായ സ്ഥലമെവിടെ?

'തകഴി'യെപ്പറ്റി തകഴിയുടെതന്നെ വിലയിരുത്തൽ നോക്കുക. "ജീവിതത്തിന്റെ വൈരൂപ്യം മാത്രം കാണുന്നവനാണ് ഞാനെന്ന് എന്നെക്കുറിച്ച് വലിയ പരാതിയുണ്ടായിരുന്നു. നാറുന്ന അഴുക്ക് വലിച്ചുവാരി മാന്യൻമാരുടെ മുമ്പിലിടുന്നു എന്ന ആരോപണവുമുണ്ടായിരുന്നു. ആ അഴുക്കിനോടുള്ള സ്നേഹംകൊണ്ടല്ലാ ഞാനങ്ങനെ ചെയ്തത് എന്ന് സമാധാനം പറഞ്ഞുകൊള്ളട്ടെ. അഴുക്കു കിടക്കുന്നു എന്ന് ചൂണ്ടിക്കാണിക്കുക മാത്രമാണ് ഞാൻ ചെയ്തിട്ടുള്ളത്. പരിഹാരം നിർദ്ദേശിക്കുവാനെനിക്ക് കഴിഞ്ഞില്ല. അതിന് എന്നെക്കൊണ്ടാവുമെന്നും തോന്നുന്നില്ല. അത് എന്റെ ജോലിയാണെന്ന് ആദ്യകാലംമുതൽ ഞാൻ വിശ്വസിച്ചില്ല എന്നേയുള്ളു.8

തെണ്ടികളുടെ ജീവിതം തകഴി തന്റെ ചെറുകഥകളിലും ആവിഷ്കരിച്ചിട്ടുണ്ട്. 'തകഴി'യുടെ 'കെട്ടുതാലിയുടെ കഥ' എന്ന ചെറുകഥയിൽ.

"നഗരത്തിലെ ഇരുളടഞ്ഞ കോണുകളിൽ രാത്രികാലങ്ങളിൽ അവളെ കാണാം. അവൾക്ക് വീടില്ല; കൂടില്ല. പകൽ തെരുവിൽക്കൂടി അങ്ങനെ അലഞ്ഞുതിരിഞ്ഞു നടക്കും. അവൾ എന്നിട്ടും ജീവിക്കുകയാണ്. ശരീരമാകെ പൊട്ടിക്കീറി വെള്ളമൊലിക്കുന്ന ഒരു ജീവി വഴിമുക്കിലിരുന്നു ഞരങ്ങുന്ന കാഴ്ച പിന്നെ കാണായി. അപ്പോഴും ആ വ്രണത്തോടൊട്ടിപ്പിടിച്ച് ആ താലി കിടക്കുന്നുണ്ടായിരുന്നു."9

'കറാച്ചിയിൽനിന്ന്' എന്ന കഥയിൽ- കഥാപാത്രങ്ങൾ 2തെണ്ടികളാണ്. കൃഷ്ണകുമാർ എന്ന ഹിന്ദുവും അബ്ദുള്ള എന്ന മുസൽമാനും. ഇന്ത്യാ വിഭജനമാണ് പശ്ചാത്തലം. താൻ മടങ്ങിവരുമെന്ന് കൃഷ്ണകുമാറിനോട് സത്യംചെയ്ത് അബ്ദുള്ള പാക്കിസ്ഥാനിലേക്ക് പോകുന്നു. കഥ നടക്കുന്നത് കിഴക്കൻ പഞ്ചാബിലാണ്. വിഭജനത്തെത്തുടർന്ന് നടന്ന കൂട്ടക്കൊലയിൽനിന്ന് കൃഷ്ണകുമാർ രക്ഷപ്പെടുന്നു. എന്നും അവൻ അബ്ദുള്ള വരുന്നതും കാത്ത് റയിൽവെ സ്റ്റേഷനിൽ നിൽക്കുന്നു. വർഷങ്ങൾ കഴിഞ്ഞിട്ടും കറാച്ചിയിൽ നിന്നുവരുന്ന ട്രെയിനും കാത്ത് കൃഷ്ണകുമാർ നിൽക്കുന്നതു കാണാം. ഒരു ദിവസം പതിവുപോലെ ആഹാരത്തിനായി അവൻ ഹോട്ടലിലെ എച്ചിൽ വീപ്പയ്ക്കടുത്തു ചെല്ലുമ്പോൾ അവിടെ ശരീരമാകെ നീരുവന്ന് വീർത്ത് അബ്ദുള്ള കിടക്കുന്നത് കാണുന്നു. ഈ ലോകത്തിൽ തനിക്കുള്ള ഏകബന്ധുവിന്റെ മടിയിൽ കിടന്നു മരിക്കാനായി അബ്ദുള്ള മടങ്ങിവന്നിരിക്കുയാണ്. രണ്ടു തെണ്ടികളുടെയും ഒരുമിച്ചുള്ള ജീവിതം വർണിക്കുന്നതാണ് കഥയുടെ ആദ്യ ഭാഗം.10

തെണ്ടിവർഗത്തിലെ കേശുവിന്റെ അനുഭവം.

"ഞങ്ങൾ ഇവിടെ പാർത്തിരുന്നു. ഞാൻ പോയി ഒരുപാടു ദിവസം കഴിഞ്ഞ് തിരിച്ചുവന്നപ്പം അമ്മേം ചേച്ചീം അപ്പൂപ്പനുമില്ല." അത്ര ചെറുതായിരുന്നു ആ കഥ. ആ സ്ത്രീ പറഞ്ഞു.

"ചെലപ്പം വല്ലടത്തും വച്ചു കാണാം. അല്ലെങ്കി ചത്തുപോയിരിക്കും".

അവൻ നടുങ്ങി. ചത്തുപോയിരിക്കും. അവന്റെ അമ്മയും അപ്പൂപ്പനും ചേച്ചിയും മരിച്ചുപോയിരിക്കും.11

**5. ദാരിദ്ര്യമെന്ന ദൈന്യത**

മനുഷ്യരായാലും മൃഗങ്ങളായാലും ഏറ്റംവലിയ ജീവിതദൈന്യത അനുഭവിക്കപ്പെടുന്ന അവസ്ഥയാണ് ദാരിദ്ര്യം. ദാരിദ്ര്യത്തിന്റെ ഭീകരത വെളിപ്പെടുത്തുന്ന നിരവധി സന്ദർഭങ്ങൾ തകഴിയുടെ നോവലുകളിലുണ്ട്.

അവിഹിത ഗർഭംധരിച്ച് പ്രസവിച്ച കുഞ്ഞുമായി തെണ്ടിവർഗത്തിലെ 'കേശു'വിന്റെ പെങ്ങൾ അലയുകയാണ്. കുഞ്ഞിന്റെ

അപ്പുറം കണ്ടുപിടിക്കാനും കേശവന്റെ കണ്ണിൽ ആ കുഞ്ഞുമായി അകപ്പെടാതിരിക്കാനും. തെണ്ടി നടക്കുമ്പോൾ എവിടെയും അവളുടെ കുഞ്ഞ് ഒരു കനത്ത ഭാരമായി അവൾക്ക് അനുഭവപ്പെടുകയാണ്. ആ കുഞ്ഞിനെ നിറഞ്ഞ അവജ്ഞയോടെ ലോകർ നോക്കുന്നു. കാണുന്നവർക്കെല്ലാം പലപല ചോദ്യങ്ങളും അവളോടു ചോദിക്കുവാനുണ്ട് എന്നവർക്കു തോന്നുന്നു. തെണ്ടിയായ അവൾ എന്തിനു പെറാൻ പോയി? ഇതിന്റെ തന്തയെവിടെ? ഇനിയും പെറാൻ നടക്കുകയാണോ? ഇങ്ങനെപോയി ആ ചോദ്യപരമ്പരകൾ. ഒന്നും അവൾക്കുത്തരം പറയാൻകഴിയാത്ത ചോദ്യങ്ങൾ. ചോദ്യശരങ്ങൾക്കു മുൻപിൽ പതറാതിരിക്കാൻ അവൾ മറ്റൊരു പോംവഴി കണ്ടെത്തി. "തെണ്ടികളോടു തെണ്ടുക"12

അത് തുടർച്ചയായപ്പോൾ ആ കുഞ്ഞിനു തന്നെയും വല്ലതും കൊടുക്കാൻ അവൾക്ക് മടിയായിത്തുടങ്ങി. പിന്നീട് തെണ്ടിപ്പിള്ളേർ അവളെ കല്ലുവലിച്ചെറിഞ്ഞു തുടങ്ങി. വഴിയിൽ കണ്ട ഒരു പഴക്കഷണം മണ്ണും പൊടിയും ഊതിക്കളഞ്ഞിട്ട് ആകുഞ്ഞിനു കൊടുക്കുന്നതും ഓടയിൽക്കൂടി ഒഴുകിവന്ന വലിയ ഇസ്റ്റുലിക്കഷണംകൂടി കൊടുത്തപ്പോൾ ആ കുഞ്ഞി വയർ നിറഞ്ഞതും എച്ചിലിലകൾ നക്കി അവൾ കഴിച്ചതും അനുവാചക ഹൃദയങ്ങളെ എന്നെന്നും കുത്തിനോവിപ്പിക്കും എന്നതിന് അല്പവും സംശയമില്ല.

"വയർ മുതുകോട് ചേർന്ന് ആ കുഞ്ഞ് കിടന്നുറങ്ങുന്നു. ഇതു ജീവിക്കുമോ?"13

"കുഞ്ഞിന്റെ കരച്ചിൽ കൂടിയപ്പോൾ പല്ലുകടിച്ചുകൊണ്ട് അവൾ മുലമുഴുവൻ അതിന്റെ വായിലേക്ക് തള്ളിക്കയറ്റിക്കൊടുത്തു. തിന്ന്, തിന്ന്, തിന്നുകൊല്ല്"14

ഒരു ചെറു ചട്ടിയിൽ കുറെ ചോറും അതിനുമുകളിൽ കുറെ മീൻകറിയും ഒഴിച്ച് അവന്റെ മുമ്പിലേയ്ക്ക് നീക്കിവച്ചിട്ട്, മറ്റൊരു ചട്ടിയിൽ അവൾ അവളുടെ അത്താഴം വിളമ്പി.

അങ്ങനെ ഒരു ഊണുണ്ടിട്ട് നാളുകൾ പലതായി....15

തെണ്ടികളുണ്ടാകുന്ന സാഹചര്യങ്ങളും ദാരിദ്ര്യത്തിൽനിന്ന് മുഴു ദാരിദ്ര്യത്തിലേയ്ക്ക് അനുദിനം കൂപ്പുകുത്തുന്ന സാഹചര്യങ്ങളും അനുവാചകന്റെ മനഃകണ്ണുകൾക്ക് മുമ്പിൽ തകഴി പ്രത്യക്ഷമാക്കുന്നു.

6. വാക്യഘടനയും പദപ്രയോഗവും

തകഴിയുടെ മിക്ക നിരൂപകൻമാരും അദ്ദേഹത്തിന്റെ വാക്യഘടനയുടേയും പദപ്രയോഗത്തിന്റെയും ലാളിത്യത്തെപ്പറ്റി പരാമർശിച്ചിട്ടുണ്ട്. അദ്ദേഹം കവിത ചമയ്ക്കാൻ മെനക്കെടാറില്ല. കാൽപനികവും ഭാവാത്മകവുമായ അംശങ്ങളെ അദ്ദേഹം വെറുക്കുന്നു. ഹെമിങ്‌വേയുടെ ആദ്യകാലനോവലുകളിലേതുപോലെ വിശേഷണപദങ്ങൾ ഒഴിവാക്കിയ ചെറിയ വാചകങ്ങളാണ് തകഴിയുടെ ശൈലി. തകഴിയുടെ ഇതരകൃതികളിലും ഇതുപോലെ ഉദാഹരണങ്ങൾ കാണാം. പുറങ്കടലിൽവച്ചുണ്ടായ പളനിയുടെ മരണത്തിന്റെ വർണനയും ഗന്ധർവൻ കേറിയ 'കോടാന്ത്ര'യുടെ വിവരണവും അപവാദങ്ങളാണ്. തകഴിക്ക് ഭാവാത്മകശൈലിയിലെഴുതാൻ സാധിക്കുമെന്നും എന്നാൽ തന്റെ കൃതികളിലാകെ അദ്ദേഹം അത് മനഃപൂർവ്വം ഒഴിവാക്കുകയായിരുന്നുവെന്നും ഇത്തരം ഉദാഹരണങ്ങൾ തെളിയിക്കുന്നു. അദ്ദേഹത്തിന്റെ മാതൃകാവാചകം ഏകവാക്യത്തിലുള്ള ചൂർണികയാണ്. ശൈലിക്കാകെ എല്ലുറപ്പുനൽകുന്നത് പ്രവൃത്തിസൂചകമാണ്.

"ആ രാത്രിയിൽ ജീവിതം പഠിച്ച ആ സ്ത്രീ അവനോട് വളരെയധികം കാര്യങ്ങൾ പറഞ്ഞു. എന്നല്ല, അന്നു രാത്രിയിൽ അവൻ വളരെയധികം കാര്യങ്ങൾ പഠിച്ചു. നഗരത്തിൽ അവിടെയുമിവിടെയുമായി സന്ധ്യയ്ക്ക് കൂടി കഞ്ഞിവച്ചു കഴിഞ്ഞുകാണുന്ന ഒരു കുടുംബവും പൂർണമല്ല. അച്ഛൻ ഉണ്ടായിരിക്കുക അപൂർവമാണ്. പ്രസവിച്ച മക്കളെയെല്ലാം അമ്മയ്ക്ക് കിട്ടുകയില്ല. പ്രസവിച്ചപ്പോൾ അവൾ ഉപേക്ഷിച്ചെന്നുവരാം. വളർത്തിയാൽതന്നെയും അവൻ പോയെന്നുവരാം. ആങ്ങള പെങ്ങളെയും പെങ്ങൾ ആങ്ങളയേയും തിരിച്ചറിഞ്ഞെന്നുവരുന്നതല്ല."16

7. ചോദ്യശരങ്ങളാവുന്ന കഥാന്ത്യങ്ങൾ

നോവലുകളിൽ അവസാനമടുക്കുമ്പോൾ 'കേശു'വിന് വഴിയരികിൽനിന്ന് കിട്ടുന്ന 'അമ്മയെ' വിളിച്ചുകരയാത്ത കുട്ടിയെ സ്വന്തം രക്തത്തിൽ പിറന്ന കുഞ്ഞിനെപ്പോലെ; അവന്റെ അമ്മാവനെപ്പോലെ കേശു വളർത്തുന്നു. അവിഹിത ഗർഭത്തിന്റെ ഫലമായി സഹോദരി പ്രസവിച്ചുവളർത്തിയ കുട്ടിതന്നെയല്ലേ അത് എന്ന

സംശയം വായനക്കാർക്ക്മുമ്പിൽ സൂചനകളിലൂടെ നോവലിസ്റ്റ് ജനിപ്പിക്കുന്നുണ്ട്. മുതലാളിയുടെ കൈയിൽ കുമിഞ്ഞുകൂടിയ സ്വത്ത് 2-ാം തവണയും അവൻ മോഷ്ടിച്ചുവെങ്കിലും യൂണിയൻ നേതൃത്വം അതിന് അംഗീകാരം നൽകുന്നില്ല. ആ കുഞ്ഞിനെപ്രതി കേശു മോഷ്ടിച്ച മുതൽ തിരിച്ചുകൊണ്ടുവയ്ക്കുന്നു. ഏതോ ഉൾവിളിയാലെന്നവണ്ണം "അമ്മാവൻ എന്നെ ഇട്ടേച്ചുപോവുമോ" എന്ന് ആ കുഞ്ഞ് പലതവണ ചോദിക്കുന്നു. ഉത്തരം നൽകാൻ കേശു അറയ്ക്കുന്നു.

സ്നേഹിക്കാനാരെങ്കിലുമുണ്ടാവുക, സ്നേഹിക്കപ്പെടാനുള്ള സാഹചര്യങ്ങളുമുണ്ടാവുക. ഭക്ഷണം കഴിഞ്ഞാൽ ജീവിതത്തിന്റെ നിലനിൽപിനുള്ള അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണിത്. കേശുവിന് എച്ചിൽക്കൂനകൾക്കിടയിൽനിന്നു കിട്ടിയ കുട്ടിയെ അമ്മാവനെപ്പോലെ സ്നേഹിക്കാനും കുട്ടിയിൽനിന്ന് സ്നേഹമനുഭവിക്കാനും ഉള്ള സാഹചര്യങ്ങൾ ലഭിച്ചപ്പോൾ തന്റെ ജീവിതത്തിനൊരർത്ഥം ഉണ്ടായതായി കേശുവിന് അനുഭവപ്പെടുന്നു. അപ്പോഴും യാചകരുടെ മോചനസമരത്തിൽ തനിക്കു നിർവഹിക്കാനുള്ള പങ്കിനെയോർത്ത് കേശു ആകുലനാകുന്നു. യൂണിയൻ നേതൃത്വത്തിലുള്ള ഘോഷയാത്ര നീങ്ങുന്നതിന്റെ ആരവം-ചരിത്രം സൃഷ്ടിക്കുന്ന വിമോചനസമരത്തിന്റെ ആഹ്വാനം- തെണ്ടികളുണ്ടാവാതിരിക്കാനുള്ള സംരംഭത്തിൽ മുന്നോട്ടുള്ള ഒരു ചുവടുവയ്പ് കേശുവിനെ അസ്വസ്ഥനാക്കുമ്പോൾ തന്നെ അസ്വതന്ത്രനാക്കുന്ന ഒരു ചങ്ങലയായി ആ കുഞ്ഞിനെ അയാൾകാണുന്നു. അതിദയനീയമായ കുഞ്ഞിന്റെ നിലവിളിയിൽ അവൻ അപ്പൂപ്പന്റേയും അമ്മൂമ്മയുടേയും സഹോദരിയുടെയും ശബ്ദങ്ങൾ കേൾക്കുകയാണ്. ഈ കുഞ്ഞിനെ ഏറ്റുവാങ്ങാൻ ആരുമില്ലേ; ആരുമില്ലേ എന്ന് ചിന്തിക്കുമ്പോൾ സഹോദരിയുടെ രൂപം അവന്റെ മനഃകണ്ണുകൾക്ക് മുമ്പിൽ പ്രത്യക്ഷമാകുന്നതായി നോവലിസ്റ്റ് സൂചന നൽകുന്നു. ഒരിക്കലും ഒടുങ്ങാത്ത ദുരന്തങ്ങളും യാതനകളും ഒരിക്കലും ഒടുങ്ങാത്ത തെണ്ടികളുടെ നിരയും സമൂഹമനഃസാക്ഷിക്കു മുൻപിൽ ചോദ്യചിഹ്നമായി നിർത്തിക്കൊണ്ടാണ് തകഴി നോവൽ അവസാനിപ്പിക്കുന്നത്.

കുറിപ്പുകൾ

1. പുറം 32 തെരഞ്ഞെടുത്ത കഥകൾ തകഴി ശിവശങ്കരപ്പിള്ള.
2. പുറം 27 തെണ്ടിവർഗം.
3. പുറം 41 രണ്ടിടങ്ങഴി.
4. പുറം 25 തെണ്ടിവർഗം.
5. പുറം 113 രണ്ടിടങ്ങഴി, തകഴി.
6. പുറം 17-18 തെണ്ടി വർഗം.
7. പുറം 88 തകഴി ശിവശങ്കരപ്പിള്ള അയ്യപ്പപ്പണിക്കർ വിവ. ചന്ദ്രിക.
8. 'തെരഞ്ഞെടുത്ത കഥകൾ' മുഖവുര- തകഴി ശിവശങ്കരപ്പിള്ള.
9. പുറം 87 തകഴി ശിവശങ്കരപ്പിള്ള- അയ്യപ്പപ്പണിക്കർ വിവ. ചന്ദ്രിക.
10. പുറം 88 തകഴി ശിവശങ്കരപ്പിള്ള- അയ്യപ്പപ്പണിക്കർ വിവ ചന്ദ്രിക.
11. പുറം 21 തെണ്ടിവർഗം.
12. പുറം 36 തെണ്ടിവർഗം.
13. പുറം 34 തെണ്ടിവർഗം.
14. പുറം 32 തെണ്ടിവർഗം.
15. പുറം 22 തെണ്ടിവർഗം.
16. പുറം 23 തെണ്ടിവർഗം.

സഹായകഗ്രന്ഥങ്ങൾ

1. തെണ്ടിവർഗം- തകഴി ശിവശങ്കരപ്പിള്ള. എൻ.ബി.എസ്. 2012.
2. സി. പോൾ വർഗീസ്, 'വിവർത്തകക്കുറിപ്പ്' Rings of the ladder (ഏണിപ്പടികൾ) ന്യൂഡൽഹി. അർനോൾഡ് ഹയിൻമാൻ 1976.
3. ജോസഫ് മുണ്ടശ്ശേരി, 'തോട്ടിയുടെ മകന്റെ നിരൂപണം', വായനശാലയിൽ മാതൃഭൂമി ബുക്സ് 2013.
4. ഇ.വി. കൃഷ്ണപിള്ള 'രണ്ടിടങ്ങഴിയുടെ നിരൂപണം, മംഗളോദയം' മകരം 1124.
5. എ. ബാലകൃഷ്ണപിള്ള 'രണ്ടിടങ്ങഴിയുടെ നിരൂപണം, മംഗളോദയം, മകരം 1124.
6. കൃഷ്ണചൈതന്യ 'A History of Malayalam Literature' മലയാളസാഹിത്യചരിത്രം ന്യൂഡൽഹി, ഓറിയന്റ് ലോംഗ്മൻ 1971.
7. രണ്ടിടങ്ങഴി, തകഴി ശിവശങ്കരപ്പിള്ള ഡി.സി. ബുക്സ് 2010.
8. തകഴി ശിവശങ്കരപ്പിള്ള - അയ്യപ്പപ്പണിക്കർ വിവ ചന്ദ്രിക ഡി.സി. ബുക്സ് 1992.
9. 'തെരഞ്ഞെടുത്ത കഥകൾ' തകഴി ...